(ഡി) നാദാപുരത്ത് ഏതൊക്കെ മേഖലകൾ ടൂറിസ്റ്റ് സാദ്ധ്യതയുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്?

ഉത്തരം

(എ-സി) കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ പഞ്ചായത്തിലെ കാപ്പിമല ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നാദാപുരത്തെ ഒരു മേഖലയും ഇപ്പോൾ സംസ്ഥാന ടൂറിസം ഭൂപടത്തിലില്ല. അവിടുത്തെ ടൂറിസം സാധ്യത പരിശോധിക്കാവുന്നതാണ്.

ആയുർവ്വേദ ചികിത്സയ്ക്കായി എത്തുന്ന വിനോദസഞ്ചാരികൾ

75(1554) ശ്രീ. കെ. എ. ചന്ദ്രൻ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. എം. എം. ഹസ്സൻ:

ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ചികിത്സ ലക്ഷ്യമിട്ട് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനത്ത് അടുത്ത ടൂറിസ്റ്റ് സീസണിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) ഇവർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2006-ൽ ഉദ്ദേശം 8 ലക്ഷത്തോളം വിനോദസഞ്ചാരികൾ സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സ മാത്രം ലക്ഷ്യമിട്ട് എത്തുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) കേരളത്തിൽ ആയുർവ്വേദ ചികിത്സ ലക്ഷ്യമിട്ടുകൊണ്ട് എത്തുന്ന ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഗുണമേന്മയുള്ള ആയുർവേദ കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിലുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള കേന്ദ്രങ്ങളെ ടൂറിസം വകുപ്പിന്റെ ലഘുലേഖകൾ, ഔദ്യോഗിക വെബ്സൈറ്റ് എന്നിവയിൽ ഉൾപ്പെടുത്തി അന്തർദേശീയ തലത്തിൽ പ്രചരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly